DESPATCHED
On. 13/8/21

4/8/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 83(1)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 1397/SIC-G4/2019)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി: 2021 ഓഗസ്റ്റ് 4

ശ്രീ. ജനീഷ് പി.എ.,
ജില്ലാ പ്രസിഡന്റ്,
കേരള ടോറസ് ടിപ്പർ അസോസിയേഷൻ
Build No. 357a, VIII Div.191A
മാവേലിപുരം, കാക്കനാട് – 682 030. — അപ്പീൽ ഹർജിക്കാരൻ

1) ശ്രീ. എൽദോ റ്റി.എച്ച്.,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റീജ്യണൽ ട്രാൻസ്പോർട്ട് ആഫീസ്,
എറണാകുളം.

2) അപ്പീൽ അധികാരി &
റീജ്യണൽ ട്രാൻസ്പോർട്ട് ആഫീസർ,
റീജ്യണൽ ട്രാൻസ്പോർട്ട് ആഫീസ്,
എറണാകുളം. — എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 28/05/2019–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. എൽദോ റ്റി.എച്ച് നെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം ശിക്ഷാനടപടി സ്വീകരിക്കുവാൻ താത്ക്കാലികമായി തീരുമാനിക്കുകയും ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം ആരായുകയും ചെയ്തിരുന്നു. ആയത് പ്രകാരം ശ്രീ.എൽദോ റ്റി.എച്ച് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് 27.3.2018–ൽ മോട്ടോർ വകുപ്പ് ഉദ്യോഗസ്ഥരായ ശ്രീ. എൽദോ വർഗ്ഗീസ്, അനിൽകുമാർ എന്നിവർ

തയ്യാറാക്കിയ ചെക്ക് റിപ്പോർട്ട്, റ്റി.ആർ.5 രസീതുകൾ എന്നിവയുടെ പകർപ്പുകളായിരുന്നുവെന്നും റ്റി.ആർ.5 രസീത് ബുക്ക് ഒരു ഉദ്യോഗസ്ഥൻ സ്ഥലം മാറി പോകുകയോ സർവ്വീസ്സിൽ നിന്ന് വിരമിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ഹെഡ് അക്കൗണ്ടന്റിന്റെ ഉത്തരവാദിത്വത്തിൽ ഓഫീസ് സ്റ്റോറിൽ സൂക്ഷിക്കുകയാണ് ചെയ്തു വരുന്നതെന്നും ചെക്ക് റിപ്പോർട്ട് ലീഫുകളുടെ ഒറിജിനൽ അനന്തര നടപടികൾക്കായി വാഹന പരിശോധന നടന്നത് ഏത് ഓഫീസ് പരിധിയിലാണോ ആ ഓഫീസിലോ, പരിശോധനാ ഉദ്യോഗസ്ഥൻ ജോലി ചെയ്യുന്ന ഓഫീസിലോ നൽകുകയും രണ്ടാം കോപ്പി പരിശോധനാ സമയത്ത് ഡ്രൈവർക്കോ വാഹനമുടമയ്ക്കോ നൽകുകയും മൂന്നാം കോപ്പി അടങ്ങിയ ബുക്കുകൾ ഉപയോഗിച്ചു തീരുന്ന മുറയ്ക്ക് ആ ഉദ്യോഗസ്ഥൻ സ്ഥലം മാറി പോകുകയോ സർവ്വീസിൽ നിന്ന് വിരമിക്കുകയോ ചെയ്യുന്ന മുറയ്ക്ക് പരിശോധനാ ഉദ്യോഗസ്ഥൻ ജോലി ചെയ്യുന്ന ഓഫീസിലെ സ്റ്റോർ സെക്ഷൻ ക്ലാർക്കിന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കുകയും ചെയ്തു വരുന്നുവെന്നും ശ്രീ. അനിൽകുമാർ വി., എ.എം.വി.ഐ ഈ ഓഫീസിൽ നിന്നും സ്ഥലം മാറിയതിനെ തുടർന്ന് 30.5.2018–ൽ വിടുതൽ ചെയ്തിരുന്നതാണ്. ശ്രീ. എൽദോ വർഗ്ഗീസ് എം.വി.ഐ. ഇപ്പോഴും ഈ ഓഫീസിൽ ജോലി ചെയ്തു വരുന്നു. അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ ലഭ്യമാക്കുവാൻ അവയുടെ നിയമാനുസൃത സൂക്ഷിപ്പുകാരായ ശ്രീ. എൽദോ വർഗീസ്, എം.വി.ഐ., ശ്രീ.അജി വർഗീസ് എൻ., ഹെഡ് അക്കൗണ്ടന്റ്, ശ്രീ. സുനിൽകുമാർ എൻ.വി., സ്റ്റോർ സെക്ഷൻ ക്ളാർക്ക് എന്നിവരോട് വാക്കാൽ പല പ്രാവശ്യം സഹായം തേടിയിട്ടും ലഭ്യമാക്കാതിരുന്നതിനെ തുടർന്ന് 30.10.2018–ലെ അർദ്ധ ഔദ്യോഗിക കുറിപ്പു മുഖേന ആവശ്യപ്പെട്ടിരുന്നുവെന്നും നിശ്ചിത സമയത്തിനകം രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ വിവരാവകാശ നിയമത്തിലെ 5(5) വകുപ്പ് പ്രകാരം നേരിടേണ്ടി വന്നേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ടി കുറിപ്പിൽ സൂചിപ്പിച്ചിരുന്നുവെന്നും പ്രസ്തുത രേഖകൾ തങ്ങളുടെ പക്കൽ ലഭ്യമാക്കിയിട്ടില്ലെന്ന് ശ്രീ. അജി വർഗീസ് എൻ., ഹെഡ് അക്കൗണ്ടന്റ്, ശ്രീ. സുനിൽകുമാർ എൻ.വി., സ്റ്റോർ സെക്ഷൻ ക്ളാർക്ക് എന്നിവർ രേഖാമൂലം അറിയിക്കുകയുണ്ടായി എന്നും ശ്രീ. എൽദോ വർഗീസ് എം.വി.ഐ. മറുപടിയൊന്നും നൽകിയിരുന്നില്ലെന്നും രേഖകൾ പബ്ലിക് ഇൻഫോർമേഷൻ ഓഫീസർക്ക് ലഭ്യമാക്കുന്നതിന് വിവരാവകാശ നിയമത്തിലെ 5(4) വകുപ്പ് പ്രകാരം ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിയാതിരുന്നതിനാൽ ഭാഗികമായെങ്കിലും ലഭ്യമായ വിവരങ്ങൾ നൽകുവാൻ ശ്രമം നടത്തുകയും ശ്രീ. എൽദോ വർഗ്ഗീസ് എം.വി.ഐ. 27.3.2018–ൽ തയ്യാറാക്കിയ ഒരു ചെക്ക് റിപ്പോർട്ട് ഇൻവേർഡ് മുഖേന ഓഫീസിൽ നൽകിയിരുന്നതായും പ്രസ്തുത ചെക്ക് റിപ്പോർട്ട്

തുടർനടപടികൾക്കായി നോർത്ത് പറവൂർ സബ് ആർ.ടി. ഓഫീസിലേക്ക് അയച്ചിരുന്നതായും കണ്ടെത്തി നോർത്ത് പറവൂർ സബ് ആർ.ടി. ഓഫീസിൽ നിന്നും **KL-07-BH-6363** നമ്പർ വാഹനത്തിന്റെ പ്രസ്തുത ചെക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കി അപേക്ഷകന് 8.11.2018-ൽ അയയ്ക്കുകയും ചെയ്തിട്ടുള്ളതാണെന്നും ഹർജിക്കാരന് പൂർണ്ണമായ വിവരങ്ങൾ നിശ്ചിത സമയത്തിനകം ലഭ്യമാക്കാൻ സാധിക്കാതിരുന്നത് മന:പ്പൂർവ്വമല്ലെന്നും ആയവ ലഭ്യമാക്കുവാൻ എല്ലാവിധ ശ്രമവും നടത്തിയിട്ടുള്ളതാണെന്നും വിവരാവകാശ നിയമത്തിലെ 5(4) വകുപ്പ് പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് അവ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകുവാൻ കഴിയാതിരുന്നതിനാലാണെന്നും കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയും വിവരങ്ങൾ പൂർണ്ണമായി നൽകുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ടിയാനെ ശിക്ഷാനപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷയിലെ ഭാഗം 2-ൽ ആവശ്യപ്പെട്ട റ്റി.ആർ.5 രസീതുകളുടെ പകർപ്പ് സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം ഒന്നാം അപ്പീൽ അധികാരി കൂടിയായ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന 13.3.2019-ലെ ജി19/9173/2018/ഇ നമ്പർ കത്തുപ്രകാരം അയച്ചു നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ 27.5.2019-ലെ കമ്മീഷൻ ഹിയറിംഗിന് ഹാജരായിരുന്നില്ല എന്നുമാണ്.

2. മേൽ വിശദീകരണം പരിശോധിച്ചതിൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ മന:പ്പൂർവ്വമായ വീഴ്ച പരാമർശിത കാലയളവിലെ ശ്രീ.എൽദോ റ്റി.എച്ച് വരുത്തിയതായി കാണുന്നില്ല. ആയതിനാൽ ടിയാനെതിരെയുള്ള നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. ഹർജിക്കാരന് വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിനായി അവയുടെ നിയമാനുസൃത സൂക്ഷിപ്പുക്കാരായ ശ്രീ. എൽദോ വർഗീസ്, എം.വി.ഐ., ശ്രീ.അജി വർഗീസ് എൻ., ഹെഡ് അക്കൗണ്ടന്റ്, ശ്രീ. സുനിൽകുമാർ എൻ.വി., സ്റ്റോർ സെക്ഷൻ ക്ളാർക്ക് എന്നിവരോട് വാക്കാലും രേഖാമൂലവും ആവശ്യപ്പെട്ടിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ ശ്രീ. എൽദോ വർഗ്ഗീസിന്റെ ഭാഗത്ത് വിവരം നൽകുന്നതിൽ ഉദാസീനത ഉണ്ടായിട്ടുണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ അതീവ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം രണ്ടാം എതിർകക്ഷി ശ്രീ. എൽദോ വർഗ്ഗീസിന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

3. 28.5.2019-ലെ കമ്മീഷൻ ഉത്തരവിലെ മൂന്നാം ഖണ്ഡികയിൽ 'പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായ ശ്രീ. എൽദോ

വർഗ്ഗീസിനെതിരെ' എന്നത് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായ ശ്രീ. എൽദോ റ്റി.എച്ച്.-നെതിരെ എന്ന് തിരുത്തി വായിക്കേണ്ടതാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം ടി അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഇന്നേ ദിവസം 2021 ഓഗസ്റ്റ് 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി